# അദ്ധ്യായം - 35



***പരീക്ഷിച്ച് ഫലപ്രദമായി കണ്ടു***

*കാക്കാ മഹാജനിയുടെ സുഹൃത്തും മുതലാളിയും - ബന്ദ്രയിലെ ഉറക്കമില്ലാത്ത സംഭവം - ബാലപട്ടീൽ നിവാസ്കർ*

*ഈ അദ്ധ്യായവും ഉധിയുടെ മാഹാത്മ്യത്തെപറ്റിത്തന്നെ പ്രതിപാദിക്കുന്നതോടുകൂടി ബാബയെ രണ്ടുപ്രാവശ്യം പരീക്ഷിച്ചതിൽ ഫലപ്രദമായി കണ്ടതിനെയും പ്രതിപാദിക്കുന്നു.*

## മുഖവുര

ആദ്ധ്യാത്മിക വിഷയങ്ങളിലും പരിശ്രമങ്ങളിലും ചേരിതിരിവ് പുരോഗമനത്തിന് വലിയ വിഘാതമാണ്. ഭഗവാൻ അരൂപിയാണെന്ന് കൊട്ടിഘോഷിക്കുന്നവർ ദൈവം സരൂപിയാണെന്ന് പറയുന്നത് മിഥ്യയാണെന്നും ഋഷിമാർ വെറും മനുഷ്യരാണെന്നും സമർത്ഥിക്കാൻ ശ്രമിക്കും. അപ്പോൾ ഋഷിമാരുടെ മുന്നിൽ എന്തിന് നമസ്കരിച്ച് ദക്ഷിണ കൊടുക്കണം എന്നാണവരുടെ വാദം. മറ്റെ അഭിപ്രായഗതിക്കാർ പറയും, 'സ്വന്തം സദ്ഗുരുവെ ഉപേക്ഷിച്ച് മറ്റു ഋഷിമാരെ

എന്തിനുവണങ്ങണം?‘ എന്ന്. അത്തരം ആക്ഷേപങ്ങൾ സായിബാബയെപ്പറ്റി മുമ്പും ഇപ്പോഴും കേട്ടുകൊണ്ടിരിക്കുന്നുണ്ട്. ചിലർപറയും അവർ ഷിർദ്ദിയിൽ പോയപ്പോൾ ബാബ ദക്ഷിണ ചോദിച്ചെന്ന്. ഋഷിമാർ ഇങ്ങനെ പണമുണ്ടാക്കുന്നത് നല്ലതാണോ? അങ്ങിനെ ചെയ്താൽ അവർക്ക് ഋഷിത്വം എവിടെ? എന്നും മറ്റും. പക്ഷെ പല സംഭവങ്ങളിലും പുച്ഛിക്കാൻ ചെന്ന് പ്രാർത്ഥിക്കാനിരുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. അത്തരം രണ്ടു സംഭവങ്ങളാണ താഴെ പറയുന്നത്.

## കാക്കാ മഹാജനിയുടെ സുഹൃത്ത്

കാക്കാ മഹാജനിയുടെ ഒരു സുഹൃത്ത് അരൂപ ബ്രഹ്മത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ട് വിഗ്രഹാരാധന വെറുത്തിരുന്നു. ജിജ്ഞാസകൊണ്ട് രണ്ടു വ്യവസ്ഥകളിന്മേൽ അയാൾ ഷിർദ്ദിക്ക് പോവാൻ കാക്കാ മഹാജനിയോട് സമ്മതിച്ചു. 1) അയാൾ ബാബയെ നമസ്ക്കരിക്കില്ല 2) ദക്ഷിണ കൊടുക്കില്ല. ഈ വ്യവസ്ഥസ്വീകരിച്ച് കാക്കയും സുഹൃത്തും ഒരു ശനിയാഴ്ച ബോംബെയിൽ നിന്ന് പുറപ്പെട്ട് ഞായറാഴ്ച ഷിർദ്ദിയിലെത്തി. അവർ മസ്ജിദ്ദിന്റെ ഒതുക്കുകയറാൻ തുടങ്ങുമ്പോൾ ബാബ പുതിയ ആളോട് ‘ഒ! സ്വാഗതം സർ‘ എന്നു പറഞ്ഞു. ഇങ്ങിനെ വിളിച്ച ശബ്ദം പ്രത്യേക തരത്തിലായിരുന്നു. അത് അയാളുടെ അച്ഛന്റെ ശബ്ദത്തിലായിരുന്നു. അയാൾ മരിച്ച അച്ഛനെ സ്മരിച്ച് അതീവ സന്തുഷ്ടനായി. ആ ശബ്ദത്തിന് മാസ്മരശക്തി തന്നെയാണുണ്ടായിരുന്നത്. അതിശയിച്ച് അയാൾ പറഞ്ഞു ‘ഇതെന്റെ അച്ഛന്റെ ശബ്ദമാണ്‘. അയാൾ ഉടനെ കയറിച്ചെന്ന് വ്യവസ്ഥയെല്ലാം മറന്ന് ബാബയുടെ കാല്ക്കൽ തലവെച്ചു. ബാബ രണ്ടു പ്രാവശ്യം ദക്ഷിണ ചോദിച്ചു. ഒരു പ്രാവശ്യം രാവിലെയും രണ്ടാമത്തെ പ്രാവശ്യം രാത്രി അവർ പോവാൻ





അനുവാദം ചോദിക്കുമ്പോഴും. പക്ഷെ കാക്കയോട് മാത്രമെ ചോദിച്ചുള്ളൂ. അയാളുടെ സ്നേഹിതനോട് ചോദിച്ചതെ ഇല്ല. ഇയാൾ കാക്കയോട് ചോദിച്ചു 'നിങ്ങളോട് ബാബ രണ്ടുതവണ ദക്ഷിണ ചോദിച്ചു. ഞാനൊപ്പമുണ്ടായിട്ട് എന്നെ എന്താണ് വിട്ടുകളഞ്ഞത് 'കാക്ക അതിന് ബാബയോടു തന്നെ ചോദിക്കാൻ പറഞ്ഞു. ബാബ അയാൾ എന്താണ് പറയുന്നതെന്ന് കാക്കയോട് ചോദിച്ചപ്പോൾ അയാൾ തന്നെ ബാബയോട് എന്തെങ്കിലും ദക്ഷിണ കൊടുക്കാമോ എന്നു ചോദിച്ചു. 'നിനക്ക് കൊടുക്കാനിഷ്ടമില്ലാത്തതുകൊണ്ട് നിന്നോട് ചോദിച്ചില്ല ഇപ്പോൾ കൊടുക്കാമെന്നുണ്ടെങ്കിൽ തരാം' എന്ന മറുപടിയും പറഞ്ഞു. അപ്പോൾ അയാൾ കാക്ക കൊടുത്ത തുല്യ സംഖ്യ യായ പതിനേഴ് ഉറുപ്പിക ദക്ഷിണ കൊടുത്തു. ബാബ അപ്പോൾ ഉപദേശമായി ഇങ്ങിനെ പറഞ്ഞു. 'നീ നാം തമ്മിലുള്ള വ്യത്യാസം മനസ്സിൽ നിന്നുമകറ്റണം എന്നാലെ നമുക്ക് മുഖത്തോട് മുഖം കാണാൻ കഴിയൂ'. ബാബ അവർക്കു പോകാൻ അനുമതി നല്കി. മഴക്കാറുണ്ടായിരുന്നിട്ടും അവരുടെ സുഖയാത്രക്ക് ബാബ ഉറപ്പുകൊടുത്തു. അവർ സുരക്ഷിതരായി ബോംബെയിലെത്തി. അവർ വീട്ടിലെത്തി വാതിൽ തുറന്നപ്പോൾ രണ്ട് കുരുവികൾ ചത്തുകിടക്കുന്നതായും ഒന്ന് ജനലിലൂടെ മെല്ലെ പുറത്തേക്ക് പോവുന്നതായും കണ്ടു. അപ്പോൾ അയാൾ ഒരു ജനലെങ്കിലും തുറന്നുവെച്ചിരുന്നെങ്കിൽ രണ്ടു കുരുവികളെയും രക്ഷിക്കാമായിരുന്നവെന്ന് വിചാരിച്ചു. അവ മരിച്ചെങ്കിലും മൂന്നാമത്തേതിനെയെങ്കിലും രക്ഷിക്കാനാണ് അവരെ ബാബ പോകാനനുവദിച്ചതെന്ന് സമാധാനിച്ചു.

## കാക്കാ മഹാജനിയുടെ മുതലാളി

കാക്കാ, ബോംബെയിലെ സോളിസിറ്റർഫേമായ താക്കർ ധരംസീജേതാഭായിലെ മേനേജരായിരുന്നു. മുതലാളിയും

മാനേജരും വളരെ ഇഷ്ടത്തിലായിരുന്നു. മിസ്റ്റർ താക്കർക്ക്, കാക്ക ഇടക്കിടക്ക് ഷിർദ്ദിക്ക് പോവുന്നതും ബാബ അനുവദിച്ചാൽ മാത്രം അവിടുന്ന് മടങ്ങി വരുന്നതും അറിയാമായിരുന്നു. വെറും ജിജ്ഞാസയാലും, ബാബയെ പരീക്ഷിക്കാനുമായി ഷിംഗാ കല്പനക്കാലത്ത് താക്കറും കാക്കയുടെ കൂടെ ഷിർദ്ദിക്ക് പോവാൻ നിശ്ചയിച്ചു. കാക്ക എപ്പോൾ മടങ്ങുമെന്ന് നിശ്ചയിക്കാൻ വയ്യാത്തതുകൊണ്ട് അയാൾ വെറൊരാളെയും കൂടെ തുണക്കുകൂട്ടി. മൂന്നുപേരും കൂടിയാത്രയായി. കാക്ക വഴിക്കുവെച്ച് ബാബക്ക് കാണിക്കവെക്കനായി രണ്ടുസേറ് ഉണങ്ങിയ കുരുവുള്ള മുന്തിരിങ്ങ വാങ്ങി. അവർ യഥാസമയം ഷിർദ്ദിയിലെത്തി ദർശനത്തിനായി മസ്ജിദ്ദിലേക്ക് പോയി. അപ്പോൾ ബാബാസാഹേബ് താർക്കാഡിനെ അവിടെകണ്ട് താക്കർ അയാളോട് എന്തിനാണിവിടെ വന്നതെന്നു ചോദിച്ചു. അയാൾ ദർശനത്തിനാണെന്ന് പറഞ്ഞപ്പോൾ താക്കർ, അയാളോട് അവിടെ അതിശയങ്ങൾ നടക്കുന്നുണ്ടോ എന്നായി. താർക്കാഡ് അതിന് തന്റെ ഉദ്ദേശം അതല്ലെന്നും ഭക്തന്മാരുടെ ആവശ്യങ്ങൾ അവിടെ പൂർത്തിപ്പെടുമെന്നും മറുപടി പറഞ്ഞു. കാക്ക അപ്പോൾ ബാബയെ നമസ്കരിച്ച് മുന്തിരിങ്ങ കൊടുത്തു. ബാബ അതെല്ലാവർക്കും കൊടുക്കാൻ പറഞ്ഞു. താക്കർക്കും കുറച്ചുകിട്ടി. അയാൾക്ക് മുന്തിരിങ്ങ ഇഷ്ടമല്ലായിരുന്നു. അവ കഴുകി വൃത്തിയാക്കാതെ തിന്നരുതെന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ടായിരുന്നു. അപ്പോൾ അയാൾക്കെന്തു ചെയ്യണമെന്നായി. അത് തിന്നാനുംവയ്യ, ഉപേക്ഷിക്കാൻ നിവൃത്തിയുമില്ല; എല്ലാവരും ചെയ്യുമ്പോലെ വായിലിട്ടെങ്കിലും കുരു എന്തു ചെയ്യണമെന്നായി. അത് മസ്ജിദ്ദിലെ നിലത്ത് തുപ്പാൻ പാടില്ലാത്തതുകൊണ്ട് അയാളുടെ തൃപ്തിക്കു

വിരുദ്ധമാണെങ്കിലും പോക്കറ്റിലിട്ടു. അയാൾ ഇങ്ങിനെ വിചാരിച്ചു. 'ബാബ സിദ്ധനാണെങ്കിൽ എന്തുകൊണ്ട് എന്റെ ഇഷ്ടക്കേട് മനസ്സിലാക്കിയില്ല എന്തുകൊണ്ട് എനിക്ക് മുന്തിരിങ്ങ തന്നു' ഈ വിചാരം മനസ്സിൽ ഉദിച്ച ഉടനെ ബാബ കൂറെക്കൂടി മുന്തിരിങ്ങ കൊടുത്തു. അയാൾ തിന്നാൻ പറ്റാതെ കയ്യിൽ വെച്ചു. അപ്പോൾ ബാബ അയാളോട് തിന്നാൻ പറഞ്ഞു. അയാൾ അനുസരിച്ച് തിന്നപ്പോൾ അതൊക്കെ കുരുവില്ലാത്ത വയായിരുന്നു. അയാൾക്ക് അതിശയങ്ങൾ കാണാനാഗ്രഹം വന്നതിന്, ഇതാ ഒരതിശയം സംഭവിച്ചു. ബാബ അയാളുടെ ചിന്ത മനസ്സിലാക്കി അയാൾക്ക് കിട്ടിയ മുന്തിരിങ്ങ മാത്രം കുരു ഇല്ലാത്തതാക്കിയതാണെന്ന് അയാൾക്ക് മനസ്സിലായി. പിന്നെയും പരീക്ഷിക്കാൻ, അടുത്തിരുന്ന താർക്കാഡിനോട്, അപ്പോൾ കിട്ടിയ മുന്തിരിങ്ങ ഏതു ഇനമാണെന്ന് ചോദിച്ചതിന് അയാൾ കുരുവുള്ള തരമാണെന്ന് മറുപടി കൊടുത്തു. ഇത് കേട്ടപ്പോൾ താക്കർ കൂടുതൽ വിസ്മയിച്ചു. വീണ്ടും അയാളുടെ വിശ്വാസം ഉറപ്പിക്കാനായി അയാൾ ഒരു പരീക്ഷണവും കൂടി നടത്തി. ഇനി മുന്തിരങ്ങ കൊടുക്കുമ്പോൾ കാക്കക്ക് ആദ്യം കൊടുത്താൽ ബാബ, ഒരു ശരിക്കുള്ള സിദ്ധനാണെണ്, അയാൾ മനസ്സിൽ കരുതി. ഇതു മനസ്സിലാക്കി ബാബ ആദ്യം കാക്കക്ക് കൊടുക്കാൻ ഉത്തരവിട്ടു. ഈ തെളിവുകൾ താക്കറെ തൃപ്തിപ്പെടുത്തി.

പിന്നെ ശാമ, താക്കറെ, ബാബക്ക്, അയാൾ കാക്കയുടെ മുതലാളിയാണെന്ന് പറഞ്ഞു പരിചയപ്പെടുത്തിയപ്പോൾ 'അയാളെങ്ങിനെ കാക്കയുടെ മുതലാളിയാവും ? അയാളുടെ മുത ലാളി വെറെയാളുണ്ടല്ലോ' എന്നാണ് ബാബ പറഞ്ഞത്. കാക്ക അത് ഇഷ്ടപ്പെട്ടു. താക്കർ എല്ലാം മറന്ന് ബാബയെ നമസ്കരിച്ച് വാഡയിലേക്കു മടങ്ങി.

മദ്ധ്യാഹന ആരതിക്കുശേഷം അവരെല്ലാം മടങ്ങി പ്പോവാൻ

ബാബയുടെ അനുമതിചോദിക്കാനായി മസ്ജിദ്ദിലേക്ക് ചെന്നു. ശാമ അവർക്കുവേണ്ടി അനുവാദം ചോദിച്ചപ്പോൾ ബാബ താഴെ പ്രസ്താവിക്കും പ്രകാരം പറഞ്ഞു.

'ഒരു ചഞ്ചലമനസ്കനായ മാന്യനുണ്ടായിരുന്നു. അയാൾക്ക് ആരോഗ്യവും ധനവും ഉണ്ടായിരുന്നതിനാൽ മാനസികമായും ശാരീരികമായുമുള്ള വിഷമങ്ങളൊന്നും അയാൾക്കുണ്ടായിരുന്നില്ല. പക്ഷെ വേണ്ടാത്ത കാര്യങ്ങളും കുഴപ്പങ്ങളുമെല്ലാം തലയിൽ വെച്ചുകെട്ടി അങ്ങോട്ടുമിങ്ങോട്ടും അലഞ്ഞുനടന്ന് അയാൾ സ്വന്തം മനശ്ശാന്തി കളഞ്ഞു കുളിച്ചു. ചിലപ്പോൾ അയാൾ ഈ ഭാരങ്ങളൊക്കെ ഉപേക്ഷിക്കും, വീണ്ടും എടുത്ത് പേറും. അയാളുടെ മനസ്സിന് സ്ഥൈര്യം എന്നതറിയില്ലായിരുന്നു. അയാളുടെ സ്ഥിതി കണ്ട് പാവം തോന്നി ഞാൻ പറഞ്ഞു. 'ഇനി നിന്റെ വിശ്വാസം നിനക്കിഷ്ടമുള്ള എവിടെയെങ്കിലും ഉറപ്പിച്ച് നിർത്തുക. എന്തിനാണിങ്ങനെ അലഞ്ഞു നടക്കുന്നത്? ഏതെങ്കിലും ഒരിടത്ത് ഉറച്ചിരിക്കുക.'

താക്കർക്ക്, ഈ വാക്കുകൾ, തന്നെ പറ്റിയ വിവരണ മാണെന്ന് ഉടനെ മനസ്സിലായി. അയാൾക്ക് കാക്കയും കൂടെ മടങ്ങിപ്പോരണമെന്നുണ്ടായിരുന്നെങ്കിലും അയാൾക്ക് അത്രവേഗം അനുമതി കൊടുക്കുമെന്ന് ആരും ധരിച്ചിരുന്നില്ല. ബാബ ഈ ആഗ്രഹവും മനസ്സിലാക്കി കാക്കയോടും അയാളുടെ കൂടെ പൊയ്ക്കൊള്ളാൻ അനുവദിച്ചു. താക്കർക്ക്, ബാബ, മറ്റുള്ളവരുടെ മനസ്സ് അറിയാൻ കഴിയുന്ന വ്യക്തി യാണെന്നതിന് ഒരുദാഹരണം കൂടിയായി.

പിന്നീട് ബാബ, കാക്കയോട് 15ക. ദക്ഷിണ ചോദിച്ചുവാങ്ങി. ബാബ കാക്കയോട് പറഞ്ഞു 'ഞാൻ

ഏതെങ്കിലുമൊരുത്തനിൽ നിന്ന് ഒരുറുപ്പിക ദക്ഷിണ വാങ്ങിയാൽ അതിന്റെ പത്തിരട്ടി മടക്കികൊടുക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. ഞാനൊന്നും വെറുതെ സ്വീകരിക്കില്ല. ഞാൻ വ്യവസ്ഥയില്ലാതെ എല്ലാവരോടും ചോദിക്കുകയുമില്ല. ഫക്കീർ ചൂണ്ടികാണിക്കുന്നവരോട് മാത്രമെ ഞാൻ ചോദിച്ചു വാങ്ങുകയുള്ളൂ. ആരെങ്കിലും മുജ്ജന്മത്തിൽ ഫക്കീറിന് കടപ്പെട്ടിട്ടുണ്ടെങ്കിൽ, അവരോട് ഞാൻ പണം സ്വീകരിക്കും. ദാതാവ് തരുന്നു. അതായത് വിത്തുവിതക്കുന്നു. അത് കൂടുതൽ മേനിയുള്ള ഒരു കൊയ്ത്തു ഭാവിയിൽ നടത്തുവാനാണ്. ധനം ധർമ്മത്തിന്റെ ഉപാധിയാകണം, അത് സ്വന്തം സുഖത്തിനു വിനിയോഗിച്ചാൽ വെറുതെ കളഞ്ഞതിന് ഫലമാണ്. മുമ്പ് കൊടുത്തുവച്ചിരുന്നില്ലെങ്കിൽ ഇപ്പോൾ കിട്ടില്ല. അപ്പോൾ കിട്ടാനുള്ള ഉത്തമമാർഗ്ഗം കൊടുക്കലാണ്. ദക്ഷിണകൊണ്ട് വൈരാഗ്യവും വൈരാഗ്യം കൊണ്ട് ഭക്തിയും ജ്ഞാനവും വളർത്തപ്പെടും. ഒന്നുകൊടുത്ത് പത്ത് വാങ്ങുക'

ഇതു കേട്ട്, കൊടുക്കില്ലെന്ന തീരുമാനം മറന്ന്, താക്കർ തന്ന 15ക. ബാബയുടെ കയ്യിൽ കൊടുത്തു. ഷിർദ്ദിയിൽ വന്നതുകൊണ്ട് എല്ലാ സംശയവും തീർന്ന് പലതും പഠിച്ചു എന്നയാൾക്ക് ബോധ്യപ്പെട്ടു.

ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുവാനുള്ള ബാബയുടെ സാമർത്ഥ്യം ഒന്നു വേറെതന്നെയാണ്. ഇതെല്ലാം ചെയ്യുന്നെങ്കിലും ബാബ അവയിൽ പരിപൂർണ്ണ നിസ്സംഗനാണ്. ആരെങ്കിലും നമസ്കരിച്ചാലും ഇല്ലെങ്കിലും, ദക്ഷിണ കൊടുത്താലും ഇല്ലെങ്കിലും എല്ലാം ബാബക്ക് ഒരു പോലെയാണ്. ആരോടും ബാബ ബഹുമാനക്കുറവു കാണിക്കില്ല. ആരാധിക്കുന്നതുകൊണ്ട് സന്തോഷമോ

അപരാധിക്കുന്നതുകൊണ്ട് സങ്കടമോ ഇല്ല. സുഖദുഖാദി ദ്വന്ദങ്ങളെ ബാബ ജയിച്ചിരുന്നു.

## ഉറക്കം വരാത്ത കേസ്

ബന്ദ്രയിലെ കായസ്ഥപ്രഭു ഗോത്രത്തിലെ ഒരാൾക്ക് ദീർഘകാലമായി ഉറക്കം വരാത്ത സുഖക്കേടായിരുന്നു. ഉറങ്ങാൻ വേണ്ടി കിടന്നാൽ അയാളുടെ മരിച്ചുപോയ അച്ഛൻ പ്രത്യക്ഷപ്പെട്ട് അയാളെ കലശലായി ചീത്തപറയും. ഇത് ഉറക്കം കളഞ്ഞ് രാത്രി മുഴുവൻ വിശ്രമമില്ലാതാക്കിത്തീർക്കും. എല്ലാ രാത്രിയിലും ഇങ്ങനെ നടക്കും. അയാൾക്ക് എന്ത് വേണമെന്നറിയാതെയായി. ഒരു ദിവസം ഇക്കാര്യം അയാൾ ഒരു ബാബ ഭക്തനോട് പറഞ്ഞു. അയാൾ, അയാൾക്കറിയാവുന്ന ഒരേ ഒരു പ്രതിവിധി ഉധിയാണെന്ന് പറഞ്ഞ് കുറച്ച് ഉധികൊടുത്ത്, കിടക്കാൻ പോവുമ്പോൾ നെറ്റിയിൽ തൊടാനും ഉധിയുടെ പൊതി തലയിണക്കടിയിൽ വെക്കാനും പറഞ്ഞു. അയാൾ ഇപ്രകാരം ചെയ്തുനോക്കിയപ്പോൾ യാതൊരുപദ്രവു മില്ലാതെ സുഖമായുറങ്ങാൻ കഴിഞ്ഞതുകൊണ്ട് അതീവ സന്തുഷ്ടനായി. അയാൾ ഇപ്രകാരം തുടർച്ചയായി ചെയ്തുകൊണ്ട് സായിയെ സ്മരിച്ചു. പിന്നീട് അയാൾ, സായിബാബയുടെ ഒരു പടം കിട്ടിയത് കിടപ്പറയുടെ ചുമരിൽതൂക്കി ദിവസവും ആരാധിക്കാനും വ്യാഴാഴ്ചകളിൽ മാലചാർത്തി നൈവേദ്യം പൂജിക്കാനും തുടങ്ങി. പിന്നീട് അയാൾക്ക് എല്ലാം ശരിപ്പെട്ട് മുൻകാലങ്ങളിലെ കഷ്ടതകൾ എല്ലാം വിസ്മരിച്ചു.

## ബാലാജി പട്ടീൽ നേവാസ്ക്കർ

ഈയാൾ ബാബയുടെ വലിയഭക്തനായിരുന്നു. അയാൾ ഒന്നാന്തരം നിഷ്കാമസേവനം ചെയ്തിരുന്നു. ബാബ നിത്യവും സഞ്ചരിക്കാറുള്ള ഷിർദ്ദിയിൽ എല്ലാ വഴികളും അയാൾ





അടിച്ചുവാരി വൃത്തിയാക്കുമായിരുന്നു. ഇയാൾക്കുശേഷം ഈ പ്രവൃത്തി രാധാകൃഷ്ണമായി എന്നൊരു സ്ത്രീ ഏറ്റെടുക്കുകയും, അവർക്കു ശേഷം അബ്ദുള്ള ആ പണി നടത്തുകയും ചെയ്തു. ബാലാജി കൊയ്ത്തുകഴിഞ്ഞാൽ മുഴുവൻ ധാന്യവും കൊണ്ടുവന്ന് ബാബക്ക് കൊടുക്കും. ബാബ അതിൽ നിന്നെന്ത് കൊടുക്കുന്നുവോ അതുകൊണ്ടുപോയി അയാളും കുടുംബവും കഴിഞ്ഞുകൂടും. ഇത് അയാളെ വളരെക്കാലം ജീവാവസാനം വരെ തുടരുകയും കാലശേഷം അയാളുടെ മകനും ഇതുപ്രകാരം തന്നെ ചെയ്യുകയും ചെയ്തു.

**ഉധിയുടെ ശക്തിയും ഫലവും**

ഒരിക്കൽ ബാലാജിയുടെ ശ്രാർദ്ധ ദിവസം കുറെ ആൾക്കാരെ ക്ഷണിച്ചുവരുത്തി സദ്യയൊരുക്കി ഭക്ഷണ സമയത്ത് നോക്കുമ്പോൾ പ്രതീക്ഷിച്ചതിലും മൂന്നിരട്ടി ആളുകൾ വന്നിട്ടുണ്ട്. നേവാസ്കരുടെ ഭാര്യ ആകെ കുഴങ്ങി. സദ്യ ഒരുക്കിയത് തികയാതെ വന്നാൽ കുടുംബത്തിന്റെ മാനം കെട്ടുപോവുമല്ലോ. അവരുടെ ഭർത്താവിന്റെ അമ്മ അവരെ സമാധാനിപ്പിച്ചുകൊണ്ട് 'ഭയപ്പെടേണ്ട, ഇത് നമ്മുടേതല്ല. സായിയുടെ ഭക്ഷണമാണ്. എല്ലാ പാത്രവും തുണികൊണ്ടടച്ച് അതിൽ കുറച്ച് ഉധി വിതറി തുണിനീക്കാതെ അതിൽനിന്ന് വിളമ്പുക സായി നമ്മെ അപമാനത്തിൽ നിന്ന് രക്ഷിക്കും 'എന്ന് നിർദ്ദേശിച്ചു. അവരോ അപ്രകാരം ചെയ്തപ്പോൾ എല്ലാവർക്കും വേണ്ടത്ര വിളമ്പാനും ഉണ്ടായി എന്നുമാത്രമല്ല, ധാരാളം പദാർത്ഥങ്ങൾ ബാക്കിയുമായി. 'ഗാഢമായി സേവിച്ചാൽ ഫലം അതനുസരിച്ച് കിട്ടും' എന്നതും ഇതിൽ തെളിയിക്കപ്പെട്ടു.

**സായി സർപ്പരൂപത്തിൽ പ്രത്യക്ഷപ്പെട്ടത്**

ഒരിക്കൽ ഷിർദ്ദിയിലെ രഘുപട്ടേൽ, നീവെയ്സിലെ

ബാലാജി പട്ടേലിന്റെ അടുക്കലേക്ക് പോയി. അന്നുരാത്രി ഒരു സർപ്പം തൊഴുത്തിൽ കടന്ന് ഊതുന്നതായി അയാൾ കണ്ടു. കാലികൾ ഭയന്ന് അമ്പരന്നു തുടങ്ങി. എല്ലാവരും ഭയന്നെങ്കിലും, ബാലാജി, സായി ബാബ സർപ്പരൂപത്തിൽ വന്നതാണെന്ന് അനുമാനിച്ചു. തീരെ ഭയപ്പെടാതെ ഒരു കോപ്പ പാൽ കൊണ്ടുവന്നു വെച്ച് അയാൾ പറഞ്ഞു 'ബാബ! എന്തിനാണിവിടുന്ന് ഊതി ശബ്ദമുണ്ടാക്കുന്നത് ? ഞങ്ങളെ ഭയപ്പെടുത്തലാണോ അവിടുത്തെ ആവശ്യം! ശാന്തനായി ഈ കോപ്പയിലെ പാൽ കുടിച്ചാലും'. ഇതു പറഞ്ഞ് അയാൾ യാതൊരു പതർച്ചയുമില്ലാതെ അടുത്തിരുന്നു മറ്റുള്ളവർ ഭയന്ന് ഇതികർത്തവ്യതാമൂഢരായി. കുറച്ചു സമയത്തിനകം സർപ്പം എവിടെപ്പോയെന്നറിഞ്ഞില്ല. അത് അപ്രത്യക്ഷമായി. തൊഴുത്തിൽ തിരഞ്ഞിട്ടും അതിനെ കണ്ടില്ല.

ബാലാജിക്ക് രണ്ടുഭാര്യമാരും അവരിൽ മക്കളുമുണ്ടായിരുന്നു. അവർ ഇടക്കിടക്ക് ഷിർദ്ദിയിൽപോയി ബാബയെ ദർശനം ചെയ്തിരുന്നു. അപ്പോൾ ബാബ അവർക്ക് സാരി മുതലായ വസ്ത്രങ്ങൾ കൊടുത്ത് അനുഗ്രഹിച്ചിരുന്നു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!